ഡയറ്റ് തൃശ്ശൂർ, രാമവർമപുരം

# എഴുത്തോല

## (വായനോത്സവ പ്രവർത്തന പദ്ധതി 2016-17)

ജൂൺ 19 വായനദിനം, കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും സവിശേഷമായ പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ്. തൃശ്ശൂർ ഡയറ്റിന്റെ നേതൃത്വത്തിൽ ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി അവതരിപ്പിക്കുകയാണ്. പരമ്പരാഗതമായ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് വായനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഡയറ്റ് തയ്യാറാക്കിയിട്ടുള്ള മുൻ പ്രവർത്തനങ്ങളിൽ ചിലത് തുടരുകയുമാവാം

വായന ഏതൊരാൾക്കും മരുന്നും ചികിത്സയുമാകുന്നതോടൊപ്പം, സർഗാത്മകതയുടെ ഹൃദയം തുറക്കൽ കൂടിയാണ്. അത് പുതിയ അനുഭവങ്ങൾ തേടലും പങ്കുവെയ്ക്കലുമാണ്, ഉദാത്തമായ മാനവികതയിലേക്ക് കൈകോർത്തുള്ള നടത്തമാണ്, ഓർമ്മ പുതുക്കലാണ്, അടുത്തറിയലാണ്, ഹൃദയം കൊരുത്തെടുക്കലാണ്, പ്രതികരണമാണ്, പുതിയ ജീവിതം പടുത്തുയർത്തലാണ്.

### എഴുത്തുജീവിതമറിയാം (ആൽബം)

കേരളത്തിന്റെ മഹത്തായ എഴുത്ത് പാരമ്പര്യത്തെ അറിയുന്നതിനുള്ള പ്രവർത്തനമായിട്ടാണ് എഴുത്തുജീവിതം ആൽബങ്ങളിലൂടെ തയ്യാറാക്കാൻ ആലോചിച്ചിട്ടുള്ളത്. ഒറ്റ നോട്ടത്തിൽ എഴുത്താകാരനെ തിരിച്ചറിയാനും അവരുടെ സാഹിത്യലോകത്തിലുള്ള പ്രാധാന്യവും തിരിച്ചറിയുന്നതരത്തിൽ ചിത്രങ്ങളോടൊപ്പം വിവരണങ്ങളും ചേർക്കാം. പാഠഭാഗത്തോടനുബന്ധിച്ചുള്ള ആൽബത്തോടൊപ്പം വികസിപ്പിക്കേണ്ട ഒന്നാണിത്. ഉയർന്ന ക്ലാസ്സിലേക്ക് പോകുന്തോറും ഈ ആൽബവും വളരേണ്ടതുണ്ട്.

### കവിതാശകലങ്ങളിലൂടെ

സുഖദു:ഖസമ്മിശ്രമായ ജീവിതത്തിന്റെ വ്യാഖ്യാനമാണ് എക്കാലത്തും നിലനിൽക്കുന്ന കവിതാശകലങ്ങൾ. ഇവ ഓരോ ആഴ്ചയിലും കുട്ടികൾ ഹൃദിസ്ഥമാക്കട്ടെ. കവിവചനങ്ങൾ ബോർഡിലോ ചാർട്ടിലോ എഴുതിയിട്ട് ചൊല്ലിക്കൊടുക്കുകയും കുട്ടികൾ ഭാഷാപുസ്തകത്തിൽ എഴുതിയെടുക്കുകയും ചെയ്യട്ടെ. അത് വ്യാഖ്യാനവും ചർച്ചയും ചെയ്യുന്നതിലൂടെ ഒരു ജീവിതദർശനമാണ് കുട്ടികൾക്കു ലഭിക്കുന്നത്. ചില കവിതാശകലങ്ങൾ ഉദാഹരണമായി നൽകുന്നു.

തീക്കും തന്നുള്ളിലേ തോന്നിത്തുടങ്ങീതേ
തീക്കായ വേണമെനിക്കുമെന്ന്
- ചെറുശ്ശരി

വാരിധി തന്നിൽ തിരമാലകളെന്ന പോലെ
ഭാരതീ പദാവലി തോന്നേണം കാലേ കാലേ
- എഴുത്തച്ഛൻ

നീർപ്പോള പൊലെയുള്ളോരു ദേഹത്തിൽ
വീർപ്പുമാത്രമുണ്ടിങ്ങു കാണുന്നു
ഓർത്തിരിയാതെ പാടുപെടുന്നേരം
നേർത്തു പോകുമതെന്നേ പറയാവൂ
- പൂന്താനം

ഭടജനങ്ങടെ നടുവില്ലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരു കേരള ഭാഷ തന്നെ ചിതം വരൂ
- കുഞ്ചൻ നമ്പ്യാർ

അനന്തമജ്ഞാതമവർണ്ണനീയം
ഈലോകഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തുകണ്ടു
- നാലപ്പാട്ടു നാരായണമേനോൻ

അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം
- ശ്രീനാരായണഗുരു

ഹാ! സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതിതൻ
ത്രാസ്സു പൊങ്ങുന്നതും മെല്ലെ താണു പോകതും
- കുമാരനാശാൻ

ഭാരതമെന്ന പേർ കേട്ടാലഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളക്കണം ചോര നമുക്കു ഞരമ്പുകളിൽ
-വള്ളത്തോൾ

നമിക്കിലുയരാം നടുകിൽ തിന്നാം നൽകുകിൽ നേടീടാം
നമുക്കുനാമേ പണിവതു നാകം നരകവുമതുപോലെ
- ഉള്ളൂർ

**ഹൈക്കു കവിതകൾ**

- പിറന്നു വീണപ്പോൾ
  അമ്മ കവിളിൽ തന്ന ഉമ്മയാണ്
  ആദ്യം കിട്ടിയ 'ലൈക്ക്'

- നീ രണ്ടു പെറ്റിട്ടും പെറാതെ കിടപ്പുണ്ട്
  നീ അന്നു തന്ന മയിൽപീലി

- എന്റെ അച്ഛൻ അനുഭവിച്ച വെയിലാണ്
  എന്റെ തണൽ

- ഒരു മരം കൊള്ളുന്ന
  വെയിലാണ് തണൽ

കവിതയിലെ ബോൺസായി ആണ് ഹൈക്കു. നിമിഷാർദ്ധം കൊണ്ട് മനസ്സിൽ മിന്നിമറയുന്ന മുക്തകം. ചിമിഴിലൊതുക്കിയ മുത്തുപോലെ. വരികൾക്കിടയിലെ അർഥതലങ്ങളുടെ വൈവിധ്യവും വൈചിത്ര്യവും, അവതരണത്തിലെ പുതുമ, അമ്പരപ്പിക്കുന്ന ഭാഷാപ്രയോഗം, കുറുക്കിപ്പറയൽ, എല്ലാം ചേരുമ്പോൾ ഹൈക്കു കവിതയാകുന്നു.

സാമൂഹ്യ നവമാധ്യമങ്ങളിൽ നിന്നും ആനുകാലികങ്ങളിൽനിന്നും ഹൈക്കു കവിതകൾ കണ്ടെത്തട്ടെ. അധ്യാപിക കുറുകവിതകൾ/ഹൈക്കു കവിതകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. (കുഞ്ഞുണ്ണി, വീരാൻകുട്ടി തുടങ്ങിയവരുടെ കവിതകൾ അവതരിപ്പിക്കാം.)

- എഴുന്നേറ്റു
  നിൽക്കാനുള്ള
  മരത്തിന്റെ
  ആഗ്രഹമാണ്
  മരങ്ങൾ
  (വീരാൻകുട്ടി)

- ഇന്നു മഴയായ് വന്നു തളിർപ്പിക്കരുതേ
  നാളെ വെയിലായ് വന്നിട്ടുണക്കുവാനാണെങ്കിൽ
  (വീരാൻകുട്ടി)

ക്ലാസ്സിൽ ഇത്തരം കവിതകളുടെ ആശയവ്യക്തതക്കുവേണ്ടിയുള്ള ചർച്ചകൾ, ചാർട്ടിൽ പ്രദർശിപ്പിക്കൽ തുടങ്ങിയവ ആവാം. (ചെറിയ ക്ലാസ്സിൽ കവിതയുടെ വിശാലമായ ആശയം ചർച്ച ചെയ്യേണ്ടതില്ല)

കുഞ്ഞു പതിപ്പുകൾ തയ്യാറാക്കാം

ഹൈക്കു രചനയിലേക്ക് കുട്ടികളെ നയിക്കാം

**കൈമാറി വായിക്കാം**

മികച്ച പുസ്തകങ്ങളുടെ വായന ഓരോ കുട്ടിയുടേയും മാനസിക വളർച്ചയിൽ മുഖ്യ പങ്കു വഹിക്കുന്നുണ്ട്. ഇത്തരം പുസ്തകങ്ങളുടെ വായനയോടൊപ്പം അതിലെ ആശയങ്ങൾ അവതരിപ്പിക്കലും പ്രധാനമാണ്. എനിക്ക് ലഭിച്ച വായനാനുഭവങ്ങൾ എന്റെ സഹപാഠിക്കും ലഭിക്കേണ്ടതാണെന്ന തോന്നൽ ഉണ്ടാവുന്നത്, താൻ വായിച്ച പുസ്തക ചർച്ചയിലൂടെയായിരിക്കും. പരസ്പരം വായിക്കാൻ പ്രേരിപ്പിക്കലാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ഉദ്ദേശ്യം. ഒരു മാസത്തിൽ ഓരോ കുട്ടിയും അവർ വായിച്ച പുസ്തകത്തിന്റെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് കൈമാറുകയും വായനാനുഭവം കുറിപ്പായി എഴുതുകയും ചെയ്യേണ്ടതുണ്ട്. സ്കൂൾ ആരംഭത്തിൽ ഒരു മാസത്തിൽ ഒരു പുസ്തകം എന്ന നിലയിൽ തെരഞ്ഞെടുത്ത് വായിക്കാനാവശ്യമായ സഹായം അധ്യാപിക ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിലും ആവശ്യമായ പുസ്തകങ്ങൾ നൽകാൻ പ്രത്യേകം ശ്രമിക്കുമല്ലോ. വർഷാവസാനം രണ്ടു പേർ ചേർന്നെഴുതുന്ന പത്തു കുറിപ്പുകൾ ഉൽപന്നമായി അധ്യാപികക്ക് ലഭിക്കുകയും ചെയ്യും

**കുട്ടികളുടെ സർഗവേദി**

കുട്ടികളുടെ സർഗാത്മകരചനകളുടെ പ്രകാശനവേദി എന്ന നിലയിലാണ് സർഗവേദിയെ മുന്നോട്ടു വെക്കുന്നത്. ഇത് വിദ്യാരംഗം കലാസാഹിത്യവേദിയായും ഉപയോഗപ്പെടുത്താം. ചിട്ടയായ പ്രവർത്തനപദ്ധതിയായി ആസൂത്രണം ചെയ്താൽ മാത്രമേ കുട്ടികളുടെ സർഗവേദി യാഥാർഥ്യമാകൂ. ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെടുന്ന രചനകളും ചില സ്വതന്ത്രരചനകളും രൂപപ്പെടണമെങ്കിൽ അധ്യാപിക സ്വതന്ത്രരചനക്കുള്ള അനുഭവങ്ങൾ ക്ലാസ്സിൽ നൽകേണ്ടതുണ്ട്. ദൈനംദിനാനുഭവങ്ങൾ സർഗാത്മകപ്രകാശമാക്കി മാറ്റാനുള്ള ചിന്തയാണ് കുട്ടിയിൽ നടക്കേണ്ടത്. ഇതിനായി വ്യത്യസ്തമായ അനുഭവങ്ങൾ പങ്കു വെയ്ക്കേണ്ടതുണ്ട്. ഓർമക്കുറിപ്പുകൾ, ഡയറിക്കുറിപ്പുകൾ, യാത്രാവിവരണങ്ങൾ, സിനിമ, നാടകം എന്നിവയുടെ ആസ്വാദനക്കുറിപ്പുകൾ കുട്ടികൾ പരിചയപ്പെടട്ടെ.

ഉദാഹരണം :

- മലാലയുടെ ജീവിതം, കുറിപ്പുകൾ
- സ്ലാറ്റയുടെ ഡയറിക്കുറിപ്പുകൾ
- ഞാൻ നുജൂം

ഡയറി എഴുത്തിന്റെ വ്യത്യസ്ത മാതൃകകൾ, ആനുകാലികങ്ങളിലെ കുട്ടികളുടെ രചനകൾ തുടങ്ങിയ രചനകൾ അവതരിപ്പിച്ചുകൊണ്ട് സർഗ്ഗാത്മകരചനയിലേക്ക് നയിക്കാം

**ആനുകാലികങ്ങളെ പിന്തുടരാം**

മലയാളത്തിലെ പ്രശസ്തമായ ആനുകാലികങ്ങളിലേയും മാസികകളിലേയും കുട്ടികളുടെ പംക്തികൾ പരിചയപ്പെടുത്തലും അതിലേക്ക് രചനകൾ അയക്കലുമാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം

| | | |
|---|---|---|
| മാതൃഭൂമി പത്രം | - | വിദ്യ |
| മലയാള മനോരമ | – | പഠിപ്പുര |
| മാധ്യമം | - | വെളിച്ചം |
| ദേശാഭിമാനി | - | അക്ഷരമുറ്റം , കിളി വാതിൽ |
| ദീപിക | – | കുട്ടികളുടെ ദീപിക |
| മാതൃഭൂമി ആഴ്ചപ്പതിപ്പ് | - | മധുരച്ചൂരൽ, ചോക്കുപൊടി, കോളേജ് മാഗസിൻ, ബാലപംക്തി |
| ദേശാഭിമാനി ആഴ്ചപ്പതിപ്പ് | – | പുതുമൊഴി |

എല്ലാ ആഴ്ചയും കുട്ടികളുമായി ബന്ധപ്പെട്ട പതിപ്പുകളുടെ വായനയും ചർച്ചയും നടക്കേണ്ടതാണ്. അതുമായി ബന്ധപ്പെട്ട ക്വിസ് മത്സരം, കഥകളുടേയും കവിതകളുടേയും വായന, ചർച്ച തുടങ്ങിയവയിലൂടെ ആഴത്തിലുള്ള രചനാസങ്കേതത്തിലേക്കും ആസ്വാദനത്തിലേക്കും കുട്ടികളെ നയിക്കാം.

**ആഴ്ചപ്പുസ്തകം**

ആഴ്ചയിലോ രണ്ടാഴ്ച കൂടുമ്പോഴോ അധ്യാപിക വായിച്ച ഒരു പുസ്തകത്തിന്റെ അവതരണം നടക്കേണ്ടതുണ്ട്. കുട്ടിയെ മികച്ച വായനയിലേക്ക് നയിക്കുകയാണ് അധ്യാപികയുടെ ലക്ഷ്യം.

പുസ്തക പരിചയം

എഴുത്തുകാരൻ

ലേ ഔട്ട്

പ്രമേയം

ഇതിവൃത്തം

(ഇത് ചുരുക്കി കഥയായോ സംഭവവിവരണമായോ ഇടക്ക് വായിച്ചോ അവതരിപ്പിക്കാം. കവിതയാണെങ്കിൽ ചില കവിതകൾ ചൊല്ലി അവതരിപ്പിക്കാം )

**മലയാളിത്തം**

മലയാളഭാഷയുടെ സ്വത്വവും തനിമയും നിലനിർത്താനും സൂക്ഷിക്കാനുമുള്ള ഒരു എളിയ ശ്രമമാണ് 'മലയാളിത്തം'. പരമാവധി മലയാളത്തിലേക്ക് എങ്ങനെ കൊണ്ടുവരാം എന്നൊരാലോചനയിൽനിന്നാണ് ഈയൊരാശയം മുന്നോട്ടു വെയ്ക്കുന്നത്. അന്യഭാഷയുടെ സ്വാധീനം പരമാവധി കുറച്ച് ഭാഷയെ രക്ഷിക്കാനുള്ള ചെറിയൊരു തുടക്കമായി ഇതിനെ കണ്ടാൽ മതി.

ഉദാഹരണം :

- മാസങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ ഇംഗ്ലീഷ് മാസമാണ് ആദ്യം കയറി വരുക. പരമാവധി മലയാളമാസവുമായി ബന്ധപ്പെടുത്തി എഴുതാൻ ശ്രമം.
- അക്കങ്ങൾ എഴുതുമ്പോൾ മലയാള അക്കങ്ങൾ കൂടി എഴുതാൻ ശ്രമിക്കുക. കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടു വരിക
- നക്ഷത്രങ്ങളും അവയുമായി ബന്ധപ്പെട്ട വൃക്ഷങ്ങൾ
- മലയാള പദം നമ്മുടെ പദാവലിയിൽ ഉണ്ടായിട്ടും നാം ധാരാളം മറ്റു ഭാഷാപദങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഈ പദങ്ങൾ ഉപയോഗിക്കുമ്പോൾ മലയാളപദങ്ങൾ എന്തായിരിക്കുമെന്ന ചിന്ത കുട്ടികളിൽ ഉണർത്തുക. ഉദാഹരണം : കട്ട് ചെയ്യുക – മുറിക്കുക ഭയങ്കര പെയിൻ (വേദന)

**വായനയുടെ താളം**

പല കുട്ടികളും വായിക്കുന്നത് അതിന്റെ ഈണവും താളവും ഒഴുക്കും പാലിച്ചല്ല. ഇതിനുള്ള പരിഹാരം എന്ന നിലക്കാണ് ഈ പ്രവർത്തനം മുന്നോട്ടു വെയ്ക്കുന്നത്. കുട്ടികളുടെ ഉച്ചാരണശുദ്ധിയും വായനയുടെ ഒഴുക്കും മെച്ചപ്പെടണമെങ്കിൽ കുട്ടികൾ നല്ല മാതൃകകൾ കേൾക്കണം. അതിനുള്ള അവസരമാണ് അധ്യാപിക ആദ്യം ഒരുക്കേണ്ടത്. റേഡിയോ, ടി.വി തുടങ്ങിയവയിലെ മാതൃകാപരമായ അവതരണം ശ്രദ്ധിക്കാനും അതിന്റെ പ്രത്യേകതകൾ കണ്ടെത്താനും ആവശ്യപ്പെടാം. തുടർന്ന് ഓരോ കുട്ടികളും വായിക്കുന്നത് കേൾക്കുമ്പോൾ മറ്റു കുട്ടികൾ അഭിപ്രായം പറയണം. മെച്ചപ്പെട്ടവ തെരഞ്ഞെടുക്കണം

റെക്കോർഡ് ചെയ്ത് ഓരോ കുട്ടിയുടേയും വായന കേൾക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കണം. തുടർന്ന് സ്കൂൾ റേഡിയോയിൽ കുട്ടികൾക്ക് വായിക്കാം. ( പത്രവായനയും ഉൾപ്പെടുത്തുമല്ലോ)

**ചില പുതുയ പുസ്തകങ്ങൾ (അധ്യാപകർക്ക്)**

കാട്ടും ക്യാമറയും - എൻ.എ. നസീർ -മാതൃഭൂമി

പെരും ആൾ - രമേശൻ ബ്ലാത്തൂര് (ഡി.സി)

ഒരു നീണ്ട യാത്ര – പാബ്ലോ നെരൂദ (ചിന്ത)

ഏഴിനും മീതെ - എൻ.പ്രഭാകരൻ

പ്രണയത്തിന്റെ തീക്കാടിനപ്പുറം - ഇ.കെ. ഷാഹിന (പായൽ ബുക്സ്)

വിശ്വവിഖ്യാത തെറി - മാഗസിൻ, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് (ഡി.സി)

വിജയം സുനിശ്ചിതം - റോബിൻ ശർമ

ജ്ഞാനാത്മക മന:ശ്ശാസ്ത്രം -എൻ.എം മുഹമ്മദാലി (ഡി.സി. ബുക്സ്)

സച്ചിദാനന്ദന്റെ സമ്പൂർണ കൃതികൾ (ഡി.സി. ബുക്സ്)

വെറുതെയിരിക്കുവിൻ - ഒ.പി. സുരേഷ്

കടലോർമ്മകൾ - സോമൻ കടലൂർ (കൈരളി ബുക്സ്)

നൂറു സിംഹാസനങ്ങൾ - ജയമോഹൻ (കൈരളി ബുക്സ്)

നൂറു മനുഷ്യർ - താഹ മാടായി (ഡി.സി. ബുക്സ്)

ബസവേശ്വരന്റെ വിപ്ലവം - പരി. വി.പി. സത്യൻ (ബുക്ക് പോർട്ട്)